പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ഗ്രാമവികസന വകുപ്പുവഴിയുള്ള റോഡ് നിർമ്മാണം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5359

28.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.അജിത് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമവികസന വകുപ്പുവഴി എത്ര റോഡുകൾക്ക് നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഏതൊക്കെ റോഡുകളാണെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഗ്രാമ വികസന വകുപ്പ് വഴി 87 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഏതൊക്കെ റോഡുകളാണെന്ന വിവരം അനുബന്ധം 1 എ ആയി ചേർത്തിരിക്കുന്നു.<br>പി.എം.ജി.എസ്.വൈ പദ്ധതിയിൽ 415 റോഡുകൾകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. റോഡുകളുടെ പേര് വിവരങ്ങൾ അനുബന്ധം 1 ബി ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡുകളുടെ നിർമ്മാണത്തിനായി ഗ്രാമവികസനവകുപ്പ് വഴി ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും ഇനി എത്ര പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്നും ഏതൊക്കെയെന്നുമുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഗ്രാമവികസന വകുപ്പ് വഴി ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികളിൽ 17 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ഇനി 60 റോഡ് പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. വിശദ വിവരം അനുബന്ധം 2 എ ആയി ചേർത്തിരിക്കുന്നു.<br>പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഭരണാനുമതി നൽകിയ 415 റോഡുകളിൽ 61 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 310 റോഡുകൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 35 റോഡുകൾക്ക് കരാർ ഉറപ്പിക്കേണ്ടതുണ്ട്. 9 റോഡുകൾ വിവിധ ഏജൻസികൾ ഏറ്റെടുത്തിട്ടുണ്ട്. പൂർത്തിയാക്കാനുള്ള റോഡുകളുടെ പട്ടിക അനുബന്ധം 2 ബി ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഗ്രാമവികസനവകുപ്പ് വഴിയുള്ള റോഡുപുനരുദ്ധാരണപദ്ധതികൾക്ക് പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | നബാർഡ് പ്രവൃത്തികളുടെ ഏകോപനവും മേൽനോട്ടവും നടത്തുന്നത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി (State Level Empowered Committee) ആണ്. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നബാർഡ് വിഹിതം എസ്.എൽ.ഇ.സി നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) വാങ്ങി നബാർഡിന്റെ അനുമതിയ്ക്ക് അയയ്ക്കുകയും, അനുമതി ലഭിയ്ക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു.<br>പി.എം.ജി.എസ്.വൈ 2 പ്രകാരം 570 കി.മീ ദൈർഘ്യം വരുന്ന റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള അംഗീകാരം കേന്ദ്രസർക്കാരിൽ നിന്നും നേടി എടുത്തിട്ടുണ്ട്. പി.എം.ജി.എസ്.വൈ II പ്രകാരം റോഡുകൾ തിരഞ്ഞെടുക്കുന്നതിന് മുന്നോടിയായി ജി.ഐ.എസ്സ് പ്ലാറ്റ് ഫോമിൽ ജില്ലാതലത്തിൽ ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ ((DRRP) Map in GIS – Platform ൽ) തയ്യാറാക്കി കേന്ദ്രസർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതുണ്ട്. അതിന്റെ മുന്നോടിയായി ജില്ലാ ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം നേടി എടുത്തിട്ടുണ്ട്. ഇതനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തിൽ തന്നെ പി.എം.ജി.എസ്.വൈ. 2 ലേയ്ക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി യുദ്ധകാല അടിസ്ഥാനത്തിൽ ജില്ലകളിൽ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്